# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 9 | 09.06.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ.എ.കെ.ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) 2014 വർഷത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ; | (എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഓരോ പദ്ധതിക്കും എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു |
| (സി) പ്രഖ്യാപനമനുസരിച്ച് ഇതിനകം ആരംഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | |

സെക്ഷൻ ഓഫീസർ

അനുബന്ധം

# 2014 വർഷത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

XII-ാം പഞ്ചവത്സര പദ്ധതിയിൻ കീഴിൽ 'പെർസ്പെക്ടീവ് പ്ലാൻ - 2030'-ന്റെ ആദ്യ കരട് സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. മുന്തിയ നിലവാരത്തിലേക്ക് 2040 ഓടെ കേരളത്തെയും എത്തിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

വയനാട്, കാസർഗോഡ് ജില്ലകളുടെയും, തീരപ്രദേശങ്ങളുടെയും മലയോര പ്രദേശങ്ങളുടെയും വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഷിക പദ്ധതികളിൽ പ്രത്യേക പാക്കേജ് നൽകും. ഏറ്റവും പിന്നോക്ക പ്രദേശങ്ങളിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനായി ഉന്നതാധികാര സമിതി രൂപീകരിക്കും.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ വ്യാവസായിക വികസന മേഖലകൾ സ്ഥാപിക്കും. ഇലക്ട്രോണിക് ഉൽപന്നങ്ങളുടെ ഉൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനായി ഭാരത സർക്കാരിന്റെ സഹായത്തോടെ രണ്ട് ഇലക്ട്രോണിക് ഉൽപാദക ക്ലസ്റ്ററുകൾ കൊച്ചിയിൽ സ്ഥാപിക്കും.

ഭരണ നിർവ്വഹണ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ പ്രൊഫഷണുകളെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് കൊണ്ടുവരുന്നതാണ്.

ഭാരത സർക്കാരിന്റെ പൊതുസംഭരണ നയത്തിന് അനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ലഭ്യമാക്കും. ഇതിനായി ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കും. 2014-ൽ ഒരു 'ബിസ്സിനസ്സ് ടു ബിസിനസ്സ്' മീറ്റ് കൊച്ചിയിൽ സംഘടിപ്പിക്കും.

പരമ്പരാഗതമേഖലയിൽ നിന്നുള്ള ഉൽപന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിന് നൂതന തന്ത്രങ്ങൾ ആവിഷ്കരിക്കും. കശുവണ്ടി, മുള, കരകൗശലം, കൈത്തറി മേഖലകളിൽ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകും. കയറ് വ്യവസായം പ്രോൽസാഹിപ്പിക്കും. തൊണ്ട് സംഭരണം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നാളികേര വികസന ബോർഡ്, കൃഷി വകുപ്പ് എന്നിവ സഹായിക്കും.

'സർവ്വീസ് പ്ലസ് സോഫ്റ്റ്വെയർ' മുഖേന 500-ൽ അധികം സേവനങ്ങളെ ഇ-ഗവേണൻസ് കടക്കീഴിൽ കൊണ്ടുവരും. അക്ഷയ കേന്ദ്രങ്ങൾ, കിയോസ്ക് ബാങ്കിംഗ്, മൈക്രോ എ.ടി.എം കൾ, റീ ടെയിൽ ഇൻഷുറൻസ് എന്നിവയുടെ അനുയോജ്യ മേഖലകളിൽ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. എല്ലാഉപഭോക്തൃ ആനുകൂല്യങ്ങളും അവരവരുടെ ആധാർ നമ്പറുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേക്കും നേരിട്ട് നൽകും.

സ്റ്റേറ്റ് ഡേറ്റാ സെന്ററിനെ 'ക്ലൗഡ് എനേബിൾഡ്' ആക്കും. ഡിജിറ്റൽ കേരള എന്ന ലക്ഷ്യം യാഥാർത്ഥ്യമാകുന്നതിനായി നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് നടപ്പിലാക്കും. താലൂക്ക് തലത്തിലുള്ള ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപയോഗിക്കും. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുകയും എല്ലാ ഡയറക്ടറേറ്റുകളിലേക്കും കളക്ടറേറ്റുകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്യും. കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇ-ഗവേണൻസ് കോൺഫറൻസിൽ കേരളത്തിന്റെ മികച്ച വിവര സാങ്കേതിക വിദ്യ ഉദ്യമങ്ങൾ പ്രദർശിപ്പിക്കും.

യുവജന സംരംഭകർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബജറ്റിൽ ഉൾപ്പെടുത്തി സഹായം നൽകും. സെപ്റ്റംബർ-12 സംരംഭകദിനമായി ആഘോഷിക്കും. ടെക്നോപാർക്ക് TBI-യുടെ കീഴിൽ കളമശ്ശേരിയിലെ കിൻഫ്രാ ഹൈടെക് പാർക്കിൽ കേരളാ ടെക്നോളജി ഇന്നൊവേഷൻ സോൺ സ്ഥാപിക്കും.

സ്റ്റാർട്ട് സിറ്റി പദ്ധതിയിൻ കീഴിൽ 12000 പേർക്ക് തൊഴിൽ നൽകും.

നെല്ല്, നാളീകേരം, പച്ചക്കറി വികസനം, മണ്ണിന്റെയും വിളയുടെയും ആരോഗ്യ പരിപാലനം, കൃഷി വ്യാപനവും, സാങ്കേതിക നിർവ്വഹണം എന്നിവയ്ക്കും മുൻതൂക്കം നൽകി കാർഷിക നയം രൂപീകരിച്ച് ഭക്ഷ്യ വിളകളുടെ വർദ്ധിച്ച ഉൽപാദനത്തിലും, ഉൽപാദനക്ഷമതയിലും നേട്ടം കൈവരിക്കും.

പച്ചക്കറി വികസന പരിപാടികൾക്ക് ഊന്നൽ നൽകും. തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കും.

ഹൈടെക് ഫാമിംഗ് പദ്ധതിക്കായി 14 ഹൈടെക് വില്ലേജുകൾ സ്ഥാപിച്ചു വരുന്നു. ഇതിനായി ഒരുടെക്നോളജി സെന്റർ നെതർലാന്റ് സർക്കാരിന്റെ സഹായത്തോടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സബ്സിഡിയും, ഹ്രസ്വകാല വായ്പകൾക്ക് പലിശ ഇളവുകളും ലഭ്യമാക്കും. ഹരിതഗൃഹകൃഷിക്ക് സാമ്പത്തിക സഹായം നൽകും. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ് സംഘടിപ്പിക്കുകയും open precision farming പ്രോൽസാഹിപ്പിക്കുകയും ചെയ്യും. ഗോത്രവർഗ്ഗ മേഖലയിൽ പോഷകോദ്യാനങ്ങൾ നിർമ്മിക്കും. ആത്മ പ്ലസ് മാതൃകയിലുള്ള കാർഷിക വ്യാപനം സ്വീകരിക്കുകയും ജൈവകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്യും.

നബാർഡിന്റെ സഹായത്തോടെ പുതിയ 28 മണ്ണ്-ജല സംരക്ഷണ പദ്ധതികൾ ഏറ്റെടുക്കും. സോയിൽ മ്യൂസിയം ജനങ്ങൾക്കായി സമർപ്പിക്കും. 78 ഗോത്രവർഗ്ഗ വാസസ്ഥലങ്ങളുടെ വികസനത്തിനായി പരിസ്ഥിതി സംരക്ഷണ പദ്ധതി പൂർത്തീകരിക്കും.

മൃഗസംരക്ഷണ മേഖലയിൽ മൃഗചികിൽസാ സേവനങ്ങൾ എത്തിക്കുകയും മാംസോൽപാദനം വർദ്ധിപ്പിക്കുന്നതിനായി 1000 യൂണിറ്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയും ചെയ്യും. പുതിയ പൗൾട്രി ഫാമുകൾ ഹാച്ചറി യൂണിറ്റുകൾ, മൾട്ടി സ്പേഷ്യാലിറ്റി മൊബൈൽ വെറ്റിനറി ക്ലിനിക്കുകൾ എന്നിവയും മൃഗസംരക്ഷണ പരിപാലന പരിശീലന കേന്ദ്രങ്ങൾ മൃഗശാസ്ത്ര മ്യൂസിയം എന്നിവയും സ്ഥാപിക്കും.

ഗുണമേന്മയുള്ള കറവ മൃഗങ്ങളുടെ വ്യാപാരത്തിനായി ഒരു മാതൃക ഇ-വിപണി സ്ഥാപിക്കും. പാൽ പരിശോധനാ ലാബുകൾ സ്ഥാപിക്കും. ക്ഷീര വികസന സംഘങ്ങളെ അംഗീകരിക്കുന്നതിന് ഡോ.വർഗ്ഗീസ് കുര്യൻ മെമ്മോറിയൽ അവാർഡ് ഏർപ്പെടുത്തും.

പരമ്പരാഗത മത്സ്യ തൊഴിലാളികൾക്കായി ഒരു സമഗ്ര പാർപ്പിട പദ്ധതി നടപ്പിലാക്കും. നാടൻ മത്സ്യങ്ങളുടെ ഹാച്ചറികൾ സ്ഥാപിക്കും.

കേന്ദ്ര സംസ്ഥാന പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ആരംഭിച്ചിട്ടുള്ള ഇളവ് പദ്ധതിയിൻ കീഴിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്ക് 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും.

സാമ്പത്തികമായി ദുർബലമായ പഞ്ചായത്തുകൾക്ക് ആദായകരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സാമ്പത്തിക സ്വയം പര്യാപ്തത കൈവരിക്കുന്നതിനുമായി ഒരു ശാക്തീകരണ പരിപാടി ഏർപ്പെടുത്തും. 2014-ൽ തദ്ദേശഭരണത്തിൽ ഒരു അന്താരാഷ്ട്ര സംഗമം നടത്തും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കൂടുതൽ തൊഴിൽ ദിനങ്ങളും ദീർഘകാല സാമൂഹ്യ ആസ്തികളും സഷ്ടിക്കുന്നതിന് ഊന്നൽ നൽകും. തൊഴിലാളികൾക്ക് യഥാസമയം വേതനം ഉറപ്പാക്കും. അട്ടപ്പാടി പാക്കേജ് എത്രയും വേഗം പൂർത്തീകരിക്കും.

ഇന്ദിര ആവാസ് യോജന പ്രകാരം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ വീടിനും സർക്കാർ 50,000 രൂപ വീതവും ബാക്കി തുക ത്രിതല പഞ്ചായത്തുകൾ വഹിക്കുന്നതുമാണ്. സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് ഓരോ ഗ്രാമ പഞ്ചായത്തിനും 2,00,000/- രൂപ വീതം സാമ്പത്തിക സഹായം നൽകും.

ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ കീഴിൽ അനുവദിക്കപ്പെട്ട ബസുകൾ വിവിധ മുനിസിപ്പൽ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതാണ്. ബഹുനില പാർക്കിംഗ് സംവിധാനത്തിനുവേണ്ടിയുള്ള പദ്ധതിയും പുതിയ ഡ്രെയിനേജ് സംവിധാനവും തുടങ്ങും. ശുദ്ധജല വിതരണത്തിനും ഖരമാലിന്യ സംസ്കരണത്തിനുമുള്ള പദ്ധതികൾ ത്വരിതപ്പെടുത്തും. നഗര പ്രദേശങ്ങൾക്കുള്ള രണ്ടാംഘട്ട മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കുകയും ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും.

നഗര വികസന പദ്ധതികൾക്കായി നിക്ഷേപ സമാഹരണം നടത്തും. ബഹുനില കെട്ടിടങ്ങളിലെ മാലിന്യ സംഭരണ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്. നഗരത്തിലെ ചേരിപ്രദേശങ്ങളിലെ പാവപ്പെട്ടവർക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കും.

ലബോറട്ടറിയുടെ നിലവാരം മെച്ചപ്പെടുത്തും. 'കരിയർ ഡെവലപ്പ്മെന്റ് മിഷൻ' ആരംഭിക്കും. ITI കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കും.

ഗൾഫിൽ നിന്നും മടങ്ങി വരുന്നവരുടെ വൈദഗ്ദ്യം പ്രയോജനപ്പെടുത്തി പരിശീലകരുടെ ഒരു വിദഗ്ദ സംഘം രൂപീകരിക്കും. ഇടനിലക്കാരൻ ചൂഷണം ചെയ്യപ്പെടുന്ന താഴ്ന്ന വരുമാനക്കാരായ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകും.

സർക്കാർ ആശുപത്രികളിൽ ആരോഗ്യ കിരണം, ജനനി-ശിശു സുരക്ഷാ എന്നിവയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും റിപ്രോസ്പക്ടീവ് മെഡിസിൻ ഡിപ്പാർട്ടുമെന്റുകൾ തുടങ്ങും. റീജിയണൽ സ്പൈനൽ ഇൻജറി യൂണിറ്റുകൾ സ്ഥാപിക്കും.

മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കും. മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, റേഡിയോ തെറാപ്പി, റേഡിയേഷൻ ഫിസിക്സ് എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് അവയെ മിനി ആർ.സി.സി കളായി ഉയർത്തും. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കും. ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോമിയോപ്പതിയായി തിരുവനന്തപുരം ഹോമിയോപ്പതി കോളേജിന്റെ പദവി ഉയർത്തും. സമഗ്ര പൊതുജനാരോഗ്യ നയം ആവിഷ്കരിക്കും.

സാമൂഹ്യ വകുപ്പിന് കീഴിൽ ICDS മിഷൻ സ്ഥാപിക്കും. അങ്കണവാടികളെ ഊർജ്ജസ്വലതയുള്ള ആദ്യ ശൈശവകാല പരിചരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി മാറ്റിയെടുക്കും. മാതൃകാ അങ്കണവാടികളുടെ നിർമ്മാണം പൂർത്തിയാക്കും.

അട്ടപ്പാടിയിൽ അമ്മയുടെയും കുഞ്ഞിന്റെയും പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും. വി കെയർഫുൾ പദ്ധതി ആരംഭിക്കും. സാമൂഹ്യ സുരക്ഷാ ഫണ്ടുകൾ സ്വരൂപിക്കുന്നതിനുള്ള ഉത്തരവാദിത്വം ഈ ഫേമുകളെ

ഏൽപിക്കുകയും ചെയ്യും. സന്നദ്ധ പരിചയ പ്രവർത്തകരുടെ ഒരു സേന രൂപീകരിക്കും. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, വിവര സഹായ കേന്ദ്രങ്ങളും ഹെൽപ് ഡസ്കുകളും സ്ഥാപിക്കും.

'സ്പെഷ്യൽ ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ്' പദ്ധതിയുമായി ആധുനിക ചികിത്സാ ഉപകരണങ്ങൾ വിതരണം ചെയ്യും. Early Detection Centre for Disabilities സ്ഥാപിക്കും. 200 കുട്ടികൾക്ക് കൂടി കോക്ലിയർ ഇംപ്ലാന്റേഷൻ നൽകും. അംഗവൈകല്യമുള്ളവർക്കും അനാഥർക്കുമായി സദനങ്ങൾ സ്ഥാപിക്കും. ഭിന്നശേഷിയുള്ളവർക്ക് മോട്ടോർ സ്കൂട്ടർ വിതരണം ചെയ്യും. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിനെ സർവ്വകലാശാലയാക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കും.

സ്കൂൾ വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകും. സ്കൂളുകളിൽ ലൈഫ് സ്കിൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകും. 'ടാലന്റ് ഫണ്ട്'-ന് തുടക്കം കുറിക്കും. ഐ.റ്റി @ സ്കൂൾ പദ്ധതി ഹയർ സെക്കൻഡറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കും. സ്കൂളുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള, അടിസ്ഥാന സൗകര്യ വികസനം, പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനം, അധ്യാപകർക്ക് പരിശീലനം, എൽ.പി. സ്കൂളിൽ ഹെഡ് ടീച്ചർ പാഠ്യ പദ്ധതി പരിഷ്കരണം, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് എന്നിവ നടപ്പാക്കും.

അട്ടപ്പാടി ഗോത്ര വർഗ്ഗ മേഖലയ്ക്കുവേണ്ടി 'നവജ്യോതി' സാക്ഷരതാ പരിപാടിയുടെ രണ്ടാംഘട്ടമായ 'അക്ഷരലക്ഷം', പ്രൈമറി വിദ്യാഭ്യാസ പദ്ധതിയുടെ രണ്ടാം ഘട്ടമായ 'അതുല്യം' എന്നിവ നടത്തും. ഒരു ഹയർ സെക്കൻഡറി ഇക്വലൻസി പ്രോഗ്രാം അതോറിറ്റി രൂപീകരിക്കും. വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ചെയ്തു വരുന്ന പൊതു പ്രവേശന പരിശീലന പദ്ധതി പ്രകാരമുള്ള ക്ലാസുകൾ തുടങ്ങും. വിദ്യാർത്ഥികളുടെ എൻറോൾമെന്റ് അനുപാതം 5% പോയിന്റായി ഉയർത്തും. എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഒരു സർക്കാർ കോളേജ് തുടങ്ങുക എന്ന നയം നടപ്പിലാക്കും.

വിദ്യാഭ്യാസ സ്വയംഭരണം സംബന്ധിച്ച ഡോ. മാധവമേനോൻ കമ്മിറ്റിയും നിർദ്ദേശങ്ങൾക്കനുസൃതമായി സർവ്വകലാശാല ആക്ടുകൾ ഭേദഗതി ചെയ്യും. യുവ അധ്യാപകർക്ക് സ്വീകാര്യമായിട്ടുള്ള 'ഫോസ്റ്ററിംഗ് ലിങ്കേജ് വിത്ത് അക്കാഡമിക് ഇന്നവേഷൻ ആന്റ് റിസർച്ച്' പരിപാടി എയ്ഡഡ് കോളേജുകളിലേക്കും വ്യാപിപ്പിക്കും.

സ്റ്റേറ്റ് അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ സ്ഥാപിക്കുന്നതിനുള്ള നടപ ബഹുരാഷ്ട്ര വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു അന്താരാഷ്ട്ര സമ്മേളനം ഈ കൗൺസിൽ സംഘടിപ്പിക്കും. സർവ്വകലാശാലകൾക്കും കോളേജ് വിദ്യാഭ്യാസ-സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്കുമായുള്ള അഭിമാനാർഹമായ ഈ-ഗവേണൻസ് പദ്ധതി 2015-ൽ കമ്മീഷൻ ചെയ്യും.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുതിയ ഹെറിറ്റേജ് ബ്ലോക്ക് പൂർത്തിയാക്കും. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ പ്ലാനിറ്റോറിയം ആധുനികവൽക്കരിക്കും. കോട്ടയത്ത് കേരള സയൻസ് സിറ്റി ഉദ്ഘാടനം ചെയ്യും. ചാലക്കുടിയിൽ പ്രാദേശിക ശാസ്ത്ര കേന്ദ്രം പൊതുജനത്തിനായി തുറന്നു കൊടുക്കും. കേരള സിവിൽ സർവ്വീസ് ആക്കാദമിയുടെ രണ്ട് ഉപകേന്ദ്രങ്ങൾ കൂടി പാലക്കാട്ടും കോഴിക്കോട്ടും ഉടൻ പ്രവർത്തന സജ്ജമാക്കും.

കോട്ടയത്ത് കെ.ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ ആർട്ട്സ് ആന്റ് സയൻസ് ഭാരത സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വിദ്യാ വകുപ്പുമായുള്ള പങ്കാളിത്തത്തോടു കൂടി ഒരു കേന്ദ്ര സംസ്ഥാന സാങ്കേതിക വിദ്യ പങ്കാളിത്ത ഇൻസ്റ്റിറ്റ്യൂട്ട് (Institute of Central-State Technology Partneship) NIT, Kozhikode-ന്റെ സഹകരണത്തോടു കൂടി അന്ധർക്കും, ശ്രവണ വൈകല്യമുള്ളവർക്കും, മറ്റു ശാരീരിക വൈകല്യമുള്ളവർക്കും മാത്രമായി 'അസിസ്റ്റീവ് ടെക്നോളജി' കേന്ദ്രം.

വനം വകുപ്പിൽ ട്രൈബൽ വാച്ചർമാരുടെ 700 തസ്തികകൾ, വനങ്ങൾക്കുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 100 തടയണകൾ കോന്നിയിലും, ശെന്തരുണിയിലും പുതിയ ഇക്കോ-ടൂറിസം പദ്ധതികൾ.

വനങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾക്ക് പരിശീലനം, അവർക്ക് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഗൈഡുകളായി നിയമനം നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളിൽ 20 എണ്ണത്തിനെ മാതൃകാ ഫോറസ്റ്റ് സ്റ്റേഷനാക്കും. 10 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിന്നും. വന പ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന കൃഷി ഭൂമികളുടെ ഉടമസ്ഥർക്ക് വൈദ്യുത വേലികൾ സ്ഥാപിക്കുന്നതിനായി സബ്സിഡി നൽകി കൂട്ടായ സമീപനം സ്വീകരിക്കും.

പ്രകൃതിവാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്ന 400 മെഗാവാട്ടിന്റെ ഒരു വാതകാധിഷ്ഠിത പവർപ്ലാന്റ് കൂടി ബ്രഹ്മപുരത്ത് നിലവിലുള്ള താപോർജ്ജ പ്ലാന്റിനോട് ചേർക്ക് സ്ഥാപിക്കും. കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ടിൽ നിന്നുള്ള പെറ്റ്കോക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ. ബി.യും INKEL മായി ചേർക്ക് 500 മെഗാവാട്ടിന്റെ ഒരു പവർ പ്ലാന്റ്.

ജല വൈദ്യുത ഉൽപ്പാദനശേഷി 178 മെഗാവാട്ട് അധികമായി വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി പാലക്കാട്ട് 220 കെ.വി. സബ സ്റ്റേഷനിൽ ലഭ്യമായിട്ടുള്ള സ്ഥലത്ത് 1 മെഗാവാട്ട് ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ്, കെ.എസ്.ഇ.ബി.യുടെ കെട്ടിടങ്ങളുടെ മേൽക്കൂരപ്പുറത്ത് 1.4 മെഗാവാട്ട് ഗ്രിഡ്ബന്ധിത സൗരോർജ്ജ പ്ലാന്റും സ്ഥാപിക്കും.

വൈദ്യുതി പ്രസരണ മേഖലയിൽ ഒരു 220 കെ.വി. സബ്സ്റ്റേഷനും, ആറ് 110 കെ.വി. സബ്സ്റ്റേഷനും പന്ത്രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കും. ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ഊർജ്ജം ലാഭിക്കുന്ന ഉപഭോക്താക്കൾക്ക് പാരിതോഷികം നൽകുന്ന പദ്ധതിയായ ലാഭപ്രഭയുടെ രണ്ടാം ഘട്ടം കെ.എസ്.ഇ.ബി. ആരംഭിക്കും.

നിലവിലുള്ള ലബോറട്ടറികളെ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറികളുടെ നിലവാരത്തിലേക്ക് ഉയർക്കും. വയനാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ പുതിയ റീജിയണൽ ലബോറട്ടറികൾ സ്ഥാപിക്കും.

വീടുകളിലും സ്ഥാപനങ്ങളിലും ഓഫ്ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ, ഗാർഷിക ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ ഹോം ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കും. സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യും.

പ്രധാന നദികളിൽ വെള്ളം പൊങ്ങുന്നതും ഉപ്പുവെള്ളം കയറുന്നതും നിയന്ത്രിക്കുന്നതിനായി ചിറ കെട്ടുന്ന പദ്ധതികൾ ചിറകളെ ബലപ്പെടുത്തുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം, വേനൽക്കാലത്തേയ്ക്ക് വെള്ളം സംഭരിക്കുന്നതിനായി 4 നദികളിൽ ഒഴുകി വരുന്ന വെള്ളം സംഭരിക്കുന്ന ചെറിയ ജലസംഭരണികൾ നിർമ്മാണം. മലബാർ ജലസേചന പാക്കേജിൻ കീഴിൽ 209 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പരിപാലനത്തിനായി പദ്ധതി. ഭൂജല വകുപ്പ് ഭൂജല സംരക്ഷണത്തിനായി 40 കൃത്രിമ റീചാർജ്ജ് സ്ട്രക്ചറുകളുടെ നിർമ്മാണം ഏറ്റെടുക്കും.

നബാഡിന്റെ കീഴിൽ 2 വൻകിട ജലവിതരണ പദ്ധതികൾ, എ.ആർ.പി./ എൻ.ആർ.ഡി.ഡബ്ല്യൂ.വി. യുടെ കീഴിൽ 57 പദ്ധതികൾ, ടെക്നോളജി മിഷനു കീഴിൽ 5 പദ്ധതികൾ എന്നിവ മറ്റു പദ്ധതി കളോടൊപ്പം കേരള ജല അതോറിറ്റി പൂർത്തിയാക്കും. കാൾ സെന്ററുകൾ, ഹെൽപ് ഡെസ്കുകൾ, എനി ടൈം പേയ്മെന്റ് മെസ്സേജ് സർവ്വീസുകൾ, ജി.പി.ആർ.എസ് അധിഷ്ഠിത പാം ഹെൽഡ് മെഷീൻ എന്നിവയോടൊപ്പം ഒരു റവന്യൂ ഇൻഫർമേഷൻ സിസ്റ്റം കേരള ജല അതോറിറ്റി നടപ്പിലാക്കും. കേരള ഗ്രാമീണ ജലവിതരണ ശുചീകരണ ഏജൻസി 65 പഞ്ചായത്തുകളിലേക്കും കൂടി ജലനിധി പദ്ധതികൾ വ്യാപിപ്പിക്കും.

പോലീസ് ഉദ്യോഗസ്ഥർക്കായി ഒരു പുതിയ മെഡിക്കൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി. തർക്കങ്ങൾ സൗഹാർദ്ദപൂർവ്വം പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ തർക്കപരിഹാര ഫോറങ്ങൾ സ്ഥാപിക്കും. പോലീസ് ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോട്ടയത്ത് 200 കിടക്കകൾ ഉള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിക്കും. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് ഉണ്ടാകണമെന്ന നിയമ വ്യവസ്ഥ പാലിക്കുന്നതിനായി 250 സബ് ഇൻസ്പെക്ടർമാരെയും 1000 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും നിയമിക്കും. ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തും. എല്ലാ മുൻസിപ്പൽ പട്ടണങ്ങളിലും നഗരങ്ങളിലും 24X7 ഹൈടെക് സി.സി.ടി.വി. നിരീക്ഷണ സംവിധാനം സ്ഥാപിക്കും. കമ്മ്യൂണിറ്റി പോലീസിംഗും ജനമൈത്രി സുരക്ഷാ പദ്ധതികളും 52 പോലീസ് സ്റ്റേഷനുകളിലേയ്ക്കും കൂടി വ്യാപിപ്പിക്കും. കൊച്ചിയിലെ ഇൻഫോ പാർക്ക് പരിസരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങും.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ നേരിടുന്നതിനായി പ്രത്യേക സേനക്ക് രൂപം നൽകും. ദി സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം-നെ പുതിയ ഡയറക്ടറേറ്റിന് കീഴിൽ കൊണ്ടുവരും.

കൊല്ലം, പത്തനംതിട്ട ജില്ലാ ജയിലുകളിൽ പുതിയ ബ്ലോക്കുകളുടെ നിർമ്മാണം 2014-15-ൽ പൂർത്തിയാക്കും. കേരള ഫയർ ആന്റ് റെസ്ക്യൂ അക്കാഡമി പുതിയ കോഴ്സുകൾ ആരംഭിക്കും. ഫയർ ആന്റ് റെസ്ക്യൂ ഉദ്യോഗസ്ഥർക്കായി ഇൻഷുറൻസ് പദ്ധതി പരിഗണനയിൽ.

കേസുകളുടെ വിചാരണ അതിവേഗം തീർപ്പാക്കുന്നതിനായി രണ്ടു വിജിലൻസ് കോടതികൾ സ്ഥാപിക്കും. 2014 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം.

2015-ഓടുകൂടി സംസ്ഥാനത്തെ അർഹരായ എല്ലാ ഭൂരഹിത കുടുംബ ങ്ങൾക്കും 3 സെന്റ് ഭൂമി വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഭൂരഹിതരില്ലാത്ത കേരളം 2015 (Zero Landless Kerala 2015).

റീ-സർവ്വേ പുനരാരംഭിക്കും. Land Development and Management Institute-നെ ഒരു നാഷണൽ സെന്റർ ഓഫ് എക്സലൻസ് ആയി വികസിപ്പിക്കും.

ഒരു പ്രമാണം രജിസ്റ്റർ ചെയ്തതിനു ശേഷം, റവന്യു, സർവ്വേ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ പോക്കുവരവ് ചെയ്യുന്നത് ഓൺലൈനായി സാധ്യമാക്കും. ഒരു പ്രമാണം സംസ്ഥാനത്തെ ഏതൊരു സബ് രജിസ്റ്റർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കും.

സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കും. ഗുരുവായൂർ ക്ഷേത്രത്തിനു വേണ്ടി ഒരു മാസ്റ്റർപ്ലാൻ വികസിപ്പിക്കും. ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രത്യേകിച്ച് മലബാർ മേഖലയിലുള്ളവർ, പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കും.

10 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റും. 10 സൂപ്പർമാർക്കറ്റുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും. സഞ്ചരിക്കുന്ന 10 മാവേലി സ്റ്റോറുകൾ കൂടി ആരംഭിക്കും.

ദേശീയ ഭക്ഷ്യ ഭദ്രത ആക്റ്റ് (National Food Security) ന്റെ ഭാഗമായി ജില്ല/താലൂക്ക് ആസ്ഥാനങ്ങളിൽ ഗോഡൗണുകൾ സ്ഥാപിക്കും. സംസ്ഥാനത്തൊട്ടാകെ പൊതു വിതരണ സമ്പ്രദായം കമ്പ്യൂട്ടർവത്കരിക്കും. കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി മണ്ണെണ്ണയ്ക്കുള്ള ക്യാഷ് സബ്സിഡിയുടെ നേരിട്ടുള്ള കൈമാറ്റം നടപ്പിലാക്കും.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഒരു ഭക്ഷ്യ സുരക്ഷ സർവ്വേ നടത്തും.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ മേൽപ്പാലങ്ങളും പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് സസ്റ്റേയ്നബിൾ ആന്റ് പ്ലാൻഡ് എഫർട്ട് ഫോർ ഇഫക്ടീവ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (SPEEID KERALA) 10000 കോടി രൂപയോളം വരുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

കൊല്ലം, ആലപ്പുഴ, കോഴിക്കോട് എൻ.എച്ച് ബൈപാസ്സുകളുടെയും അതോടൊപ്പം നിർദ്ദിഷ്ട ഹിൽവേയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. കരമന മുതൽ കളിയിക്കാവിളവരെയുള്ള റോഡിന്റെ വീതികൂട്ടൽ ആരംഭിക്കും.

കോഴിക്കോട് നഗരപാത മെച്ചപ്പെടുത്തൽ പദ്ധതി ആരംഭിക്കും, സംസ്ഥാന പാതയെ മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം 551 കിലോമീറ്റർ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തും. തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലെ നഗര പാത മെച്ചപ്പെടുത്താൻ പദ്ധതി ഏറ്റെടുക്കും. കേരള

സംസ്ഥാന ഗതാഗത പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭം, കോഴിക്കോടും തിരുവനന്തപുരത്തും മോണോറെയിൽ പദ്ധതി, സംസ്ഥാനത്തെ പാതയോരങ്ങളിൽ ശൗചാലയങ്ങൾ, ഭക്ഷണ ശാലകൾ, ഷോപ്പിംഗ് സൗകര്യങ്ങൾ എന്നിവ പോലെയുള്ള പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്നീ പുതിയ കമ്പനികളുടെ രൂപീകരണം.

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ തുടമുഖ പദ്ധതി (വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ് വാട്ടർ മൾട്ടിപർപ്പസ് സീ പോർട്ട് പ്രോജക്ട്) യ്ക്ക് പാരിസ്ഥിതിക അനുമതി തുറമുഖം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള ആഗോള ടെൻഡർ ക്ഷണിക്കാൻ അനുമതി.

വൻകിട തുറമുഖങ്ങളല്ലാത്ത 10 തുറമുഖങ്ങളുടെ മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കുന്നതിനു നടപടി, എറണാകുളത്തൊരു പുതിയ ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം.

കൊടുങ്ങല്ലൂരിൽ നിന്നും എറണാകുളം വരെ ഒരു മറൈൻ ബൈപാസ് നിർമ്മിക്കും. സമാധാനപരമായ തൊഴിൽ ബന്ധങ്ങൾ ഉറപ്പാക്കുന്നതിന് വൻകിട തുറമുഖങ്ങളല്ലാത്ത 10 തുറമുഖങ്ങളിൽ 5 വർഷത്തേയ്ക്ക് ഒരു സമര രഹിത കരാറിൽ ഏർപ്പെടും. വെസ്റ്റ് കോസ്റ്റ് മാരിടൈം യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശം. കേരള മാരിടൈം ബോർഡ് ഈ വർഷം രൂപീകരിക്കും. വേമ്പനാട്, കൊച്ചി, കായലുകളിലെ ആയിരം ബോട്ടുകളെ ടൂറിസവും തുറമുഖവും വകുപ്പുകളുടെ വെബ്സൈറ്റുകളിലെ സുരക്ഷാ ബോട്ടു പട്ടികയിൽ ഉൾപ്പെടുത്തും.

തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനെ മത്സ്യബന്ധനവും തുറമുഖവും, വിനോദ സഞ്ചാരവും വകുപ്പുകളുടെ സേവന വകുപ്പായി പ്രഖ്യാപനം. ഈ വകുപ്പിനെ മറ്റു മാരിടൈം സംസ്ഥാനങ്ങളിലുള്ള കൺസൾട്ടൻസി സേവനങ്ങൾ കൂടി ഏറ്റെടുക്കുന്നതിനുള്ള സാങ്കേതിക ഉപദേഷ്ടാവായി ഉൾപ്പെടുത്തിയിട്ടുണ്ട്. മുതലപ്പൊഴി, ചെല്ലാനം, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ, കാസർഗോഡ് മുനക്കാക്കടവ് എഫ്.എൽ.സി. എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2014-15-ൽ പൂർത്തയാക്കും. വരുന്ന വർഷം 300 കി. മീ. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതാണ്. ദേശീയ മത്സ്യബന്ധന വികസന ബോർഡിന്റെ സഹായത്തോടെയുള്ള ഈ പദ്ധതി 2014-15 കാലയളവിൽ പൂർത്തിയാക്കും. പൊഴിയൂരിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനുള്ള അന്വേഷണ പ്രവൃത്തികളും നീണ്ടകര, തോട്ടപ്പള്ളി, പുതിയാപ്പ, മാപ്പിളബേ എന്നിവിടങ്ങളിലെ രണ്ടാം ഘട്ട വികസനവും 2014-15 കാലയളവിൽ ആരംഭിക്കും. മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ യൂണിയൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

വിനോദ സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. നാല്പതിൽപരം പുതിയ കേന്ദ്രങ്ങൾ വികസിപ്പിക്കും. spice route-ന് പ്രോത്സാഹനം നൽകും. വിസ ഓൺ അറൈവൽ സൗകര്യത്തിലൂടെ പുതിയ അന്താരാഷ്ട്ര വിപണികൾ ഉപയോഗപ്പെടുത്തും. കേരളത്തിലുടനീളം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ശക്തിപ്പെടുത്തും. വെസ്റ്റ് ഫ്രീ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ കാംപേയിൻ

കൂടുതൽ വ്യാപിപ്പിക്കും. പരമ്പരാഗത ചുണ്ടൻ വള്ളങ്ങളെ സംരക്ഷിക്കുന്നതിന് പുതിയ പദ്ധതി, മലയോര വിനോദ സഞ്ചാരം വികസിപ്പിക്കുന്നതിനായി ഇലവീഴാപൂഞ്ചിറയിലെ ഗ്രീൻ ടൂറിസം സർക്യൂട്ടും, ആലപ്പുഴ കായൽ വിനോദ സഞ്ചാര പദ്ധതിയും.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണം പൂർത്തിയാക്കുന്നതിനായി മുട്ടത്തറ, പേട്ട വില്ലേജുകളിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കും. കണ്ണൂർ ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിന് ആവശ്യമായ എല്ലാ പാരസ്ഥിതികാനുമതികളും നേടി വിമാനത്താവള സൗകര്യമില്ലാത്ത പത്ത് ജില്ലകളിലും ഹെലിപ്പാഡുകൾ സ്ഥാപിക്കും. കോഴിക്കോട് വിമാനത്താവളം വിപുലീകരിക്കും.

കൊച്ചി മെട്രോ റെയിൽ പദ്ധതി ശരിയായ ദിശയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൊച്ചിവിലെ വ്യത്യ സ്ത നഗര ഗതാഗത സംവിധാനങ്ങൾ നവീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു ഏകീകൃത മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നതിനു കൂടി കെ.എം.ആർ.എൽ. തുടക്കം കുറിച്ചു. അന്തർ-സംസ്ഥാന മേഖലയ്ക്കു 10 പുതിയ ഹൈടെക് വോൾവോ ബസ്സുകൾ തിരുവനന്തപുരത്തും, കോഴിക്കോട്ടും വാണിജ്യ സമുച്ചയങ്ങൾ ബസ് സ്റ്റേഷനുകളിൽ 7 ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഗ്ലോബൽ പൊസിഷനിംഗ് സംവിധാനം ഏർപ്പെടുത്തും. കൊച്ചി തേവരയിൽ ഒരു പുതിയ ബസ്സ് ടെർമിനൽ.

ജലഗതാഗത മേഖലയിൽ ബോട്ട് യാത്രക്കാർക്ക് സുരക്ഷിതമായ യാത്രാ സൗകര്യം, സുസജ്ജമായ സുരക്ഷാ ബോട്ടുകൾ, ആലപ്പുഴ, കുമരകം മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ചു കൊണ്ട് സർവ്വീസ്, തേവരയിൽ ഒരു ഡ്രൈഡോക്ക് നിർമ്മിക്കും.

റോഡുകളിലെ എൻഫോഴ്സ്മെന്റ് മെക്കാനിസം ശക്തിപ്പെടുത്തും. റഡാർ അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങൾ, ഇന്റർസെപ്റ്ററുകൾ, സിമുലേറ്ററുകൾ, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനങ്ങൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വാങ്ങും. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ, കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന സ്റ്റേഷനുകൾ എന്നിവ സ്ഥാപിച്ചു കൊണ്ടും മോട്ടോർ വാഹന വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം.

തൃശ്ശൂർ, എറണാകുളം-നോർത്ത്, സൗത്ത്, കോട്ടയം, കൊല്ലം, കോഴിക്കോട് എന്നീ റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കും. അങ്കമാലി-ശബരി ലൈനിന്റെ അലൈൻമെന്റ് റെയിൽ കൊച്ച് ഫാക്ടറി പാലക്കാട് സ്ഥാപിക്കുന്നതിനായി 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് ആലപ്പുഴയിൽ വാഗൺകോച്ച് ഫാക്ടറിയ്ക്ക് വേണ്ടി റെയിൽവേയ്ക്ക് സൗജന്യ ഭൂമി തിരുവനന്തപുരം-ചെങ്ങന്നൂർ-ഹരിപ്പാട് മേഖലകൾക്കിടയിൽ സബർബൻ റെയിൽവേ പദ്ധതിയ്ക്കായി പ്രോജക്ട്.

സംസ്ഥാന സഹകരണനയം രൂപീകരിക്കും. ജില്ല/താലൂക്ക് തലങ്ങളിൽ സുസജ്ജമായ മെഡിക്കൽ ലബോറട്ടറി , ബയോഗ്യാസ് മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പലിശ രഹിത വായ്പകൾ, എസ്.സി/എസ്.ടി.

സംഘങ്ങൾ, വിദ്യാഭ്യാസ/ആരോഗ്യ/വിപണന സംസ്ക്കരണ സംഘങ്ങൾ ശക്തിപ്പെടുത്തും.

35–ാമത് ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ തിരുവനന്തപുരം–കണ്ണൂർ വരെ 7 വില്ലേജുകളിൽ 25 അടിസ്ഥാന സൗകര്യ പദ്ധതികൾ, തിരുവനന്തപുരം മേനംകുളത്ത് പ്രീ–ഫാബ്രിക്കേറ്റഡ് ഗെയിംസ് വില്ലേജും, കാര്യവട്ടത്ത് ഒരു ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, തിരുവനന്തപുരത്തും കോഴിക്കോട്ടും രണ്ട് ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങൾ, പ്ലേ ഫോർ ഹെൽത്ത് പദ്ധതി, തിരുവല്ലയിൽ കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്റ്റൽ ബിൽഡിംഗിന്റെയും കോട്ടയത്ത് സിന്തറ്റിക് ട്രാക്കിന്റെയും നിർമ്മാണം, കേരള സ്പോർട്ട്സ് കൗസിൽ ഏറ്റെടുക്കും.

സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ സംരംഭകത്വ വികസന പരിപാടി, ജീവനദായിനി എന്ന രക്തദാന പരിപാടി, ഇ–ലിറ്ററസി യുവകർമ്മ സേനയുടെ നവീകരണം, ദുരന്ത നിവാരണം, പ്രഥമശുശ്രൂഷ, സാമൂഹ്യപ്രവർത്തനം എന്നിവയിൽ പരിശീലനം അഞ്ചു ജില്ലകളിൽ യുവ കാർമിക ക്ലബ്ബുകൾ.

തക്കല പത്മനാഭപുരം കൊട്ടാരത്തിലേയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിലെയും മ്യൂസിയം നവീകരിക്കുന്നതിനുള്ള നടപടികൾ പ്രാദേശീക രേഖകൾ സംരക്ഷിക്കുന്നതിനു വേണ്ടി ഇൻഡ്യൻ ഹിസ്റ്റോറിക്കൽ റിക്കാർഡ്സ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഇന്റർമീഡിയറ്റ് റിപ്പോസിറ്ററീസ്, രാജാരവിവർമ്മയുടെയും, ഇൻഡ്യയിലെയും വിദേശത്തുമുള്ള പ്രസിദ്ധരായ കലാകാരന്മാരുടെയും അപൂർവ്വവും അതുല്യവുമായ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് ആർട്ട് ഗാലറി.

പാർലമെന്ററി ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വികസനത്തിന് വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ. ചരിത്രത്തിലെ സംഭവങ്ങളുടെയും, വ്യക്തിത്വങ്ങളുടെയും സ്മരണ നിലനിർത്തുന്നതിനായി പഴയ അസംബ്ലി ഹാളിൽ ഒരു പുതിയ ലൈറ്റ് ആന്റ് സൗണ്ട് ഷോ.

ജൈവവൈവിധ്യ സംരക്ഷണത്തിനു വേണ്ടി ഒരു തദ്ദേശ ജൈവ വൈവിധ്യ നിധി രൂപീകരിക്കുന്നതിനായി ജൈവ വൈവിധ്യ ബോർഡിന് സഹായം .

പശ്ചിമഘട്ട മേഖലയിലെ പാരിസ്ഥിതിക നിർദ്ദേശങ്ങളിന്മേലുള്ള ജനങ്ങളുടെ ആശങ്കകളിൽ അവരുടെ ന്യായമായ താല്പര്യങ്ങളും നിയമാനുസൃത അവകാശങ്ങളും സംക്ഷിക്കപ്പെടും.

ഇ–ഗവേർണൻസ് പദ്ധതികളായ മോഡണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ്, കോർട്ട് കേസ്സ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ് എന്നിവ പൂർത്തിയാക്കും. ജില്ലാ കളക്ടറേറ്റുകളിൽ നോഡൽ ലാ ഓഫീസർമാരെ നിയമിക്കും. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ആവശ്യമുള്ള വിഭാഗങ്ങൾക്ക് നിയമ വിദ്യാഭ്യാസവും, കാര്യക്ഷമമായ സേവനവും നൽകും.

പ്രവാസി കേരളീയർക്ക് മുതൽ മുടക്കുന്നതിൽ സഹായം നൽകുന്നതിനായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ശക്തിപ്പെടുത്തും. നിതാഖത്

നിയമത്തിന്റെ ഭാഗമായി തിരിച്ചു വരുന്ന കേരളീയർക്ക് ഒരു സമഗ്ര പുനരധിവാസ പദ്ധതി, പ്രവാസി കേരളീയർക്കായി മുഖ്യമന്ത്രിയുടെ ഗ്ലോബൽ അഡ്വൈസറി കൗൺസിൽ രൂപീകരണം.

സർക്കാ മുൻഗണന നൽകി വികസിപ്പിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 'നവകേരളം' എന്ന പരിപാടിയ്ക്ക് ദൂരദർശനിലൂടെ സംപ്രേക്ഷണം. സുതാര്യ കേരളത്തിൽ അവതരിപ്പിക്കുന്ന എല്ലാ വിഷയങ്ങളിലും തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി നിരീക്ഷണ സംവിധാനം, കേരള പ്രസ് അക്കാഡമിയെ സെന്റർ ഫോർ എക്സ്‌ലൻസ് ആയി ഉയർത്തും.

സംസ്ഥാനത്തെ ട്രഷറികളിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനം, അക്കൗണ്ടുള്ളവർക്ക് ട്രഷറി സേവിംഗ്സ് ബാങ്കിൽ നിന്നും കൂടുതൽ സേവനം. വരുന്ന വർഷം സർക്കാരിൽ നിന്നും സബ് ട്രഷറി തലംവരെ ഫണ്ടുകളുടെ ഇലക്ട്രോണിക് ട്രാൻസ്ഫറിന് ട്രഷറികളിൽ സൗകര്യം. മുതിർന്ന പൗരന്മാർക്കും, പെൻഷൻകാർക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കോർ ബാങ്കിംഗ് സൗകര്യങ്ങൾ വഴിയൊരുക്കി സംസ്ഥാനത്തെ 214 ട്രഷറികളെയും പരസ്പരം ബന്ധിപ്പിക്കാൻ ഉദ്ദേശം.

വിവര ലഭ്യതയും നികുതി പിരിവിന്റെ കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സ്സും ഡയറക്ടറേറ്റ് ഓഫ് ഫോറിൻ ട്രേഡും ചേർന്ന് പ്രവർത്തിക്കുന്നതിന് വാണിജ്യ നികുതി വകുപ്പ് നടപടികൾ.

മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ദോഷ ഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനുള്ള നടപടികൾ, കുടുംബശ്രീ, എൻ.എസ്.എസ്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, റെസിഡെന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയുമായി ചേർന്നുള്ള പ്രചാരണം, സർക്കാർ-സർക്കാരിതര ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളെ സഹായിക്കുന്നതിന് പുതിയ പദ്ധതി. അട്ടപ്പാടി മേഖലയ്ക്ക് വേണ്ടി പ്രത്യേക ദൗത്യ സംഘം, എറണാകുളത്തും കോഴിക്കോട്ടും സഞ്ചരിക്കുന്ന രണ്ട് മദ്യ പരിശോധന ലബോറട്ടറികൾ, ചെക്ക് പോസ്റ്റുകളിൽ വാഹന സ്കാനറുകൾ, സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിനെ ദേശീയതല പരിശീലന സ്ഥാപനമാക്കും.

ലോട്ടറി വകുപ്പിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി സ്വകാര്യ ആശുപത്രികളെക്കൂടി അതിന്റെ പരിധിയിൽ കൊണ്ടുവരത്തക്കവിധം വിപുലീകരിക്കും.

ലീഗൽ മെട്രോളജി വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ രണ്ടാം ഘട്ടം ആ വകുപ്പ് നടപ്പിലാക്കും. സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള മെഷീനുകൾ വാങ്ങും. എൽ.പി.ജി. പമ്പ് പരിശോധന കിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കും.

അച്ചടി, സ്റ്റേഷനറി വകുപ്പുകൾ ആധുനികവത്കരിക്കും, പേപ്പർ ടെസ്റ്റിംഗ് ലാബുകളുടെ നിലവാരം ഉയർത്തും.

സേവനാവകാശ ആക്ട് നടപ്പിലാക്കുന്നതിനുള്ള ഒരു റിസോഴ്സ് ഗ്രൂപ്പായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG) പ്രവർത്തിക്കും. പുതിയതായി നിയമിതരാകുന്നവർക്ക് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ് എല്ലാ വകുപ്പുകളിലേക്കും വ്യാപിപ്പിക്കും.

സംസ്ഥാന സർക്കാരിലെയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാർക്കായി ശമ്പളകമ്മീഷൻ.

സർക്കാരിന്റെ വൈദഗദ്ധ്യ പദ്ധതിയായ അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം 450 ഹയർ സെക്കന്ററി സ്കൂളുകളിലേക്കും കോളേജുകളിലേക്കുമായി വ്യാപിപ്പിക്കും. എസ്.എ.പി.യുടെ കീഴിൽ 24 വ്യവസായ പങ്കാളികളുമായി സഹവർത്തിത്വത്തിൽ ഏർപ്പെടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പരിപാടിക്കു വേണ്ടി ഏഷ്യൻ വികസന ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള നിർദ്ദേശംഭ ഈ പദ്ധതി പ്രകാരം ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കും. സ്കിൽ കോഴ്സുകൾക്ക് പ്രവേശനം സാധ്യമാകുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങളായി ഈ പാർക്കുകൾക്ക് രൂപം നൽകും. സംസ്ഥാനത്ത് ഒരു നാഷണൽ സ്കിൽസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിക്കും.

മലപ്പുറത്ത് എൽ.ബി.എസ്. ഇൻറ്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി സ്ഥാപിക്കുന്നതിന് അംഗീകാരം. തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്കിന്റെ നിർമ്മാണം ടെകിനിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലും ആരംഭിക്കുന്ന ഫ്രെയിം വർക്കിന്റെ ആദ്യഘട്ടത്തിന് അംഗീകാരം, ബാർട്ടൺഹിൽ സർക്കാർ എൻജിനീയറിംഗ് കോളേജിൽ ഡിപ്ലോമ കോഴ്സിന് മെസ്സേഴ്സ് മേഴ്സിഡസ് ബെൻസ് ഇന്ത്യയുമായി സർക്കാർ ധാരണാ പത്രം, തിരുവനന്തപുരം എൻജിനീയറിഗ് കോളേജിൽ ഓട്ടോമേഷൻ ടെക്നോളജിയിൽ ഒരു സെന്റർ എക്സലൻസും, കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ഓട്ടോമേഷൻ ടെക്നോളജിയിൽ ഒരു സെന്റർ ഓഫ് കോമ്പിറ്റൻസും സ്ഥാപിക്കുന്നതിന് മെസ്സേഴ്സ് ബോഫ് റെക്സ്റോത്തുമായി സർക്കാർ ധാരണാപത്രം.

ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്ലേഷൻ എഞ്ചിനീയറിംഗിൽ ദ്വിവത്സര മാസ്റ്റേഴ്സ് പ്രോഗ്രാം, കൊളംബിയ സർവ്വകലാശാലയുടെയും കാനഡയിലെ മോൺട്രിയൽ സർവ്വകലാശാലയുടെയും സഹകരണത്തോടെ ആരംഭിക്കും. അഞ്ച് ജോഡി സർക്കാർ പോളിടെക്നിക്കുകളെയും ആർട്സ് ആന്റ് സയൻസ് കോളേജുകളെയും ബന്ധിപ്പിച്ചു കൊണ്ട് ആറ്റിങ്ങൽ, കോട്ടയം, പെരിന്തൽമണ്ണ, തൃശ്ശൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ പുതിയ കമ്മ്യൂണിറ്റി കോളേജുകൾ.

സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്നതിനായി വേണ്ട അടിസ്ഥാന കമ്പ്യൂട്ടർ വൈദഗ്ധ്യം പരിശോധിക്കുന്നതിന് കമ്പ്യൂട്ട അപ്ലിക്കേഷൻ യോഗ്യതാ പരീക്ഷ (CAET) എന്ന ഓൺലൈൻ പരീക്ഷ നടത്തും.

അനുബന്ധം - I

**2014 - വർഷത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലെ പദ്ധതികൾക്ക് വകയിരുത്തിയ തുകയും പ്രഖ്യാപനമനുസരിച്ച് ആരംഭിച്ച പദ്ധതികളും**

| വകുപ്പ് | വകയിരുത്തിയ തുക രൂപയിൽ | ആരംഭിച്ച പദ്ധതികൾ |
|---|---|---|
| സാംസ്കാരികകാര്യ വകുപ്പ് | 28 ലക്ഷം | പത്മനാഭപുരം കൊട്ടാരത്തിലെ മ്യൂസിയം ഗാലറികൾ നവീകരിക്കുന്നതിന് |
| | 14.5 കോടി രൂപ | മ്യൂസിയം, മൃഗശാല വകുപ്പിന്റെ വികസനം |
| | -- | ആർട്ട് ഗ്യാലറി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ടി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. |
| | 10,00,000/- | Establishment of a repository cum research library in Centre for Heritage Studies |
| | 15,00,000/- | Establishment of publication unit of seminars in Centre for Heritage Studies |
| | 10,00,200/- | Re-structuring of Academic programmes & starting of new courses in Centre for Heritage Studies |
| | 10,00,000/- | Kerala Heritage survey project |
| | 40,00,000/- | Preservation & Beautification of Campus of Centre for Heritage Studies |

| | | |
|---|---|---|
| ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് | 40 ലക്ഷം രൂപ | ഭക്ഷ്യ സുരക്ഷാ സർവ്വെയ്ക്കായി വകയിരുത്തിയത്. |
| സാമൂഹ്യ നീതി വകുപ്പ് | 7 കോടി | മാതൃകാ അംഗൻവാടി നിർമ്മാണം |
| | 1 കോടി | വികെയർ പദ്ധതി |
| | 30 കോടി | Early detection centre for disabilities (district level) |
| | 10 കോടി | കോക്ളിയർ ഇംപ്ലാന്റേഷൻ പരിപാടി |
| | 10 കോടി | വൃദ്ധ മന്ദിരം ആരംഭിക്കുന്നതിന് |
| Kerala State Council for science, Technology, and Environment | 150 ലക്ഷം | അന്ധർക്കും, ബധിരർക്കും മറ്റുമായി കോഴിക്കോട് എൻ.ഐ.റ്റിയുമായി ചേർന്ന് സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി സ്പെഷ്യൽ പ്രോഗ്രാംസ് ഓഫ് കെ.എസ്.സി.എസ്.റ്റി.ഇ.എന്ന ശീർഷകത്തിൽ സയൻസ് & ടെക്നോളജി സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം. |
| റവന്യൂ | 10 കോടി | ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതിയുടെ ഒന്നാംഘട്ടം 2013 സെപ്റ്റംബർ 30 തീയതി ആരംഭിക്കുകയുണ്ടായി |
| പ്രവാസി കേരളീയ കാര്യ വകുപ്പ് | 1 കോടി | നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ ശക്തിപ്പെടുത്തുന്നതിന് |
| | 5 കോടി | നിതാഖത്ത് നിയമം മൂലം തിരികെയെത്തുന്നവരുടെ പുനരധിവാസം. നിതാഖത് നിയമം മൂലം തിരികെയെത്തിയവർക്കായുള്ള |

| | | |
|---|---|---|
| | | പാക്കേജിന്റെ നടത്തിപ്പിനായി നടപ്പിലാക്കേണ്ട പദ്ധതികളുടെ വിശദമായ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ സബ്സിഡിയും, മൂലധന സബ്സിഡിയും നൽകുന്നതിനും വിദേശങ്ങളിലെ തൊഴിൽ സാദ്ധ്യതകൾ വിലയിരുത്തി തൊഴിൽ പരിശീലനം നൽകുന്നതിനും ബാങ്കുകൾ വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഭവന നിർമ്മാണ വകുപ്പ് | 250 ലക്ഷം | ലാബിഷാസ് |
| | 1 കോടി | കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ |
| | 10 കോടി | സാഫല്യം ഭവന പദ്ധതിയുടെ രണ്ടാം ഘട്ടമായി ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് |
| | 14.19 കോടി | ഗൃഹശ്രീ പദ്ധതി |
| ഗതാഗത വകുപ്പ് | 36.30 കോടി | ബസ്സുകളുടെ നവീകരണത്തിനും, ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും |
| | 17.32 കോടി | അടിസ്ഥാന സൗകര്യ വികസന പദ്ധതി, വർക്ക് നവീകരണം |
| | 7.5 കോടി | വാഹന പരിശോധന കേന്ദ്രം |
| | 25 കോടി | ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക്, റഡാർ, ഇന്റർസെപ്റ്ററുകൾ. സിമുലേറ്റർ, വെഹിക്കിൾ ട്രാക്കിംഗ്. ബാംഗ്ലൂർ സർവ്വീസ് നടത്തുന്നതിനായി 10 വോൾവോ മൾട്ടി ആക്സിൽ എ.സി.ബസുകൾ വാങ്ങി കെ.എസ്.ആർ.റ്റി.സി 30.04.2014 മുതൽ നിരത്തിലിറക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| **കായിക യുവജന കാര്യ വകുപ്പ്** | 40 ലക്ഷം | സ്പോർട്സ് കൗൺസിലിന് |
| | 125 ലക്ഷം | പ്ലേ ഫോർ ഹെൽത്ത് പദ്ധതി |
| | 50 ലക്ഷം | തിരുവല്ലയിലെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ നിർമ്മാണം |
| | 1 കോടി | കോട്ടയത്ത് സിന്തറ്റിക് ട്രാക്ക് നിർമ്മാണം |
| | 10.5 കോടി | സ്മൈൽ പദ്ധതി<br>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്മൈൽ പദ്ധതി |
| **ടൂറിസം** | 1 കോടി | റെസ്പോൺ സിബിൾ ടൂറിസം ഇനിഷ്യേറ്റീവ് |
| | 4,62,63,000 രൂപ | ആലപ്പുഴ കായലോര ടൂറിസം (സ്റ്റേറ്റ് ഷെയർ) |
| | 18 കോടി | സ്പൈസസ് റൂട്ട് പദ്ധതി, മുസിരിസ് പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി |
| | 4 കോടി | വേസ്റ്റ് ഫ്രീ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ക്യാമ്പയിൻ |
| | - | വിസാ ഓൺ അറൈവൽ പദ്ധതി |
| | - | ഗ്രാന്റ് കേരള ഷോപ്പിംഗ് ശക്തിപ്പെടുത്തൽ |
| | - | ഇലവീഴാ പൂഞ്ചിറ പദ്ധതി |
| **മൃഗസംരക്ഷണ വകുപ്പ്** | 100 ലക്ഷം | കാസർഗോഡും, വയനാട്ടും മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് |
| | 425 ലക്ഷം | കർഷകരുടെ പടിവാതിൽക്കൽ മൃഗചികിത്സാ സേവനങ്ങൾ എത്തിക്കുന്നതിന് |
| | 100 ലക്ഷം | മലമ്പുഴയിൽ മൃഗശാസ്ത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് |

| | | |
|---|---|---|
| | 140 ലക്ഷം | ആട്ടോമാറ്റിക് എനർജി മീറ്റർ സെറ്റുകൾ വാങ്ങുന്നതിന് |
| ഊർജ്ജ വകുപ്പ് | 165 ലക്ഷം | NABL നിലവാരത്തിൽ മീറ്റർ ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് |
| | 20 ലക്ഷം | സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് |
| | 33 ലക്ഷം | കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി |
| | 105 ലക്ഷം | ഊർജ്ജ സംരക്ഷണ പ്രവർത്തനം |
| | 23.40 കോടി | Electrification Programme using Renewable sources എന്ന പദ്ധതിയ്ക്ക് |
| | 17 കോടി | Renewable energy programme of ANERT എന്ന പദ്ധതിയ്ക്ക് |
| | - - - | സ്പിൽ ഓവർ പ്രോഗ്രാമായി 10000 റൂഫ് ടോപ്പ് സോളാർ പ്ലാന്റ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 3600 എണ്ണം പവർപ്ലാന്റുകളുടെ രജിസ്ട്രേഷനും നിർമ്മാണവും |
| | - - - - | 33000 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിന് എം.എൻ.ആർ.ഇ അംഗീകൃത നിർമ്മാതാവിന് സപ്ലൈ ഓർഡർ നൽകി കഴിഞ്ഞു. |
| | - | സ്പിൽ ഓവർ പ്രോഗ്രാമിന്റെ ഭാഗമായി 6500 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം. |
| | | ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച വിവരം അനുബന്ധം - A ആയി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| വ്യവസായം | 125 ലക്ഷം | കേരള ബിസിനസ്സ് &ബിസിനസ്സ് മീറ്റ് |
| | 5 കോടി | ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ കൊച്ചി |
| | - - - | വർക്കിംഗ് കാപിറ്റൽ കണ്ടെത്തുന്നതിനായി ഷെയർ പാർട്ടിസിപ്പേഷൻ ആയി 6 കോടി രൂപ ഹാന്റെക്സിനും ഹാൻവീവ് 4 കോടി രൂപയും പ്രൈമറി സംഘങ്ങൾക്ക് 1.50 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കഴിന്യൂൽ സബ്സിഡി, ഡൈസ് & കെമിക്കൽസ് സബ്സിഡി എന്നിവയ്ക്ക് 100 ലക്ഷം രൂപയും റോമെറ്റീരിയൽ ബാങ്കുകൾക്ക് പ്രവർത്തന മൂലധനത്തിന് മാർജിൻ ലോണായി 278 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് സ്പീച്ചിൽ 10 കോടി രൂപ പ്രവർത്തന മൂലധനമായി സംഘങ്ങൾക്ക് അധിക മാർജിൻ മണി നൽകുന്നതാണ്. കഴിന്യൂൽ സബ്സിഡി, ഡൈസ് & കെമിക്കൽസ് സബ്സിഡി, റോമെറ്റീരിയൽ ബാങ്കുകൾക്ക് പ്രവർത്തന മൂലധനത്തിന് മാർജിൻ മണി ലോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കേരള ഹാന്റ് ലൂംസ് എന്ന പേരിൽ ഒരു ലോഗോ ഡിസൈൻ ചെയ്തു റിലീസ് ചെയ്തിട്ടുണ്ട്. ഈ ലോഗോയ്ക്ക് ട്രേഡ് മാർക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനു വേണ്ടി കൺട്രോളർ ജനറൽ ഓഫ് പേറ്റന്റിന് ഡിസൈൻ & ട്രേഡ് മാർക്കിന് സമർപ്പിച്ചു. തൊണ്ടുസംഭരണം വർദ്ധിപ്പിക്കുന്നതിനും, ചകിരി നാരിന്റെലഭ്യത വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള തൊണ്ടു സംഭരണ |

| | | |
|---|---|---|
| | | പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാനും നാളികേര വികസന ബോർഡുമായി സഹകരിച്ച് ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **സഹകരണം** | 200 ലക്ഷം | ജില്ല / താലൂക്ക് തലങ്ങളിൽ സുസജ്ജമായ മെഡിക്കൽ ലബോറട്ടറികൾ തുടങ്ങുന്നതിനായി പലവക സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് |
| | 600 ലക്ഷം | എസ് സി/എസ്.ടി സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയത്. |
| | 500 ലക്ഷം | വിദ്യാഭ്യാസ/ആരോഗ്യ/വിപണന/ സംസ്കരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആർ. ഐ. ഡി. എഫ് പദ്ധതി പ്രകാരം വകയിരുത്തിയത്. |
| **ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്** | 300 ലക്ഷം | സുതാര്യ കേരളം പരിപാടിയിൽ പരാതിയിൽ തീർപ്പ് കൽപിക്കുന്നതിനായി ഫയൽ നടപടികൾ നിരീക്ഷിക്കുന്നതിനും വേണ്ടി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക. |
| | 225 ലക്ഷം | പ്രസ് അക്കാഡമിയുടെ അടിസ്ഥാന ഭൗതിക അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ |
| **മത്സ്യ ബന്ധന തുറമുഖ വകുപ്പ്** | 20 കോടി | മത്സ്യ തൊഴിലാളി ഭവന പദ്ധതിയ്ക്ക് വകയിരുത്തിയത് |
| | 4 കോടി | വിവിധ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് |
| | 3 കോടി | മത്സ്യ വിത്തുൽപാദനത്തിൽ സ്വയംപര്യാപ്തത പദ്ധതിയ്ക്ക് വകയിരുത്തിയത് |

| | | |
|---|---|---|
| | 690 ലക്ഷം | തുറമുഖ വകുപ്പിൽ മാരിടൈം എഡ്യൂക്കേഷണൽ ട്രെയിനിംഗ് ആക്ടിവിറ്റീസ് എന്ന പദ്ധതിയ്ക്ക് വകയിരുത്തിയത് |
| | 100 ലക്ഷം | കേരള ഉൾനാടൻ ജലഗതാഗത വികസനത്തിന് |
| | 100 ലക്ഷം | തുറമുഖങ്ങളുടെ വികസനത്തിന് |
| **പൊതുമരാമത്ത് വകുപ്പ്** | 21 കോടി | മലപ്പുറം ജില്ലയിലെ എടപ്പാൾ ജംഗ്ഷനിൽ മേൽപ്പാലം നിർമ്മാണത്തിന് വകയിരുത്തിയത് |
| | 67 കോടി | കോട്ടയം ജില്ലയിലെ രാമപുരം ദർശനം റോഡിന്റെ പുനരുദ്ധാരണം |
| | 67.26 കോടി | കോട്ടയം ജില്ലയിൽ കഞ്ഞിക്കുഴി വെട്ടത്തുകവല കറുകച്ചാൽ റോഡിന്റെ പുനർ നിർമ്മാണം |
| | 412.82 കോടി | എറണാകുളം വൈറ്റില ചക്കരപറമ്പ് ജംഗ്ഷൻ മുതൽ എയർപോർട്ട് -സീപോർട്ട് റോഡിൽ ഇൻഫോ പാർക്ക് ജംഗ്ഷൻ വരെ 4 വരിപാത നിർമ്മാണം സ്ഥലമെടുപ്പുൾപ്പെടെ. |
| | -- | സ്പീഡ് പദ്ധതിയിൽപ്പെട്ട പാലാരിവട്ടം ഫ്ലൈഓവറിന്റെനിർമ്മാണം 2014 ജൂൺ 1 ന് ആരംഭിച്ചു |
| **തദ്ദേശ സ്വയം ഭരണം** | 2 കോടി | തദ്ദേശ സ്വയം ഭരണത്തിൽ അന്താരാഷ്ട്ര സംഗമം നടത്തുന്നതിനായി വകയിരുത്തിയത് |
| | 5 കോടി | പലിശ ഇളവ് പദ്ധതി - 4% പലിശ നിരക്കിൽ കുടുംബശ്രീ ഗുണഭോക്താക്കൾക്ക് പലിശ ഇളവ് ലഭ്യമാക്കുന്ന പദ്ധതി |

| | | |
|---|---|---|
| | 118 കോടി | കേന്ദ്ര പദ്ധതിയായ ആജീവിക സ്കിൽസ് കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി 2014-15 ൽ പദ്ധതി രേഖ ദേശീയ ഗ്രാമ വികസന വകുപ്പിന് നൽകിയതിന് |
| | 53513 ലക്ഷം | ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷന്റെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന പുതിയ പദ്ധതികളുടെ നടത്തിപ്പിനായി 2014-15 ലെ ബഡ്ജറ്റ് വിഹിതം. |
| | 3 കോടി | പാട്ണർ കേരള എന്ന നിക്ഷേപ സംഗമം നടത്തുന്നതിന്. |
| | 4000 ലക്ഷം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | 10,622.80 ലക്ഷം | ഐഎവൈ പദ്ധതി |
| | 7,500 ലക്ഷം | സ്റ്റേറ്റ് സപ്പോർട്ട് ഓഫ് പി.എം.ജി എസ്. വൈ |
| പൊതുവിദ്യാഭ്യാസം | 2982.75 ലക്ഷം | 2195 സർക്കാർ സ്കൂളുകളിൽ കിച്ചൺ കം സ്റ്റോർ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയത്. |
| | 61 കോടി | 580 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയത്. |
| | 53.77 ലക്ഷം | പെൺകുട്ടികൾക്കായി സ്വയം പ്രതിരോധ പരിശീലനം 40 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏർപ്പെടുത്തിയത്. |
| | - | വിദ്യാർത്ഥികൾക്ക് അവരുടെ മുന്നിലുള്ള വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അവരെ കൂടുതൽ പ്രാപ്തരാക്കുന്നതിനായി ഉന്നത വിദ്യാഭാസ വകുപ്പുമായി ചേർന്ന് അഡിഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം (ASAP) എന്ന പദ്ധതി. |

| | | |
|---|---|---|
| | - | പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് 28.4.14 ലെ സ.ഉ (പി)69/14/പൊ.വി.വ പ്രകാരം ബഡ്സ് സ്കൂൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകുന്നതിന് അനുമതി നൽകി. |
| | - | 28.12.11 ലെ സ.ഉ (പി )നം 256/11/പൊ.വി.വ പ്രകാരം 100 വിദ്യാർത്ഥികളുള്ള യു.പി സ്കൂളുകളിലും, 150 വിദ്യാർത്ഥികളുള്ള എൽ.പി സ്കൂളുകളിലും ഒരു ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| | - | 2014-15 അധ്യയന വർഷത്തിൽ 1,,3, 5, 7, 11 ക്ലാസുകളിലെ പാഠ്യപദ്ധതിയും ടെക്സ്റ്റ് ബുക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. |
| | - | 2015-16 അധ്യയന വർഷത്തിൽ 2, 4, 6, 8, 12 ക്ലാസുകളിലെ പാഠ്യപദ്ധതിയും ടെക്സ്റ്റ് ബുക്കുകളും പരിഷ്കരിച്ചിട്ടുണ്ട്. |
| | - | പ്രീ പ്രൈമറി ക്ലാസുകളിലെ പാഠ്യപദ്ധതി 11/08/14 ലെ സ.ഉ (എം.എസ് )നം 158/14/പൊ.വി.വ പ്രകാരം പരിഷ്കരിച്ചുണ്ട്. |
| | - | സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിന് ആവശ്യമായ എല്ലാ വിധ സാങ്കേതിക സഹായവും സീമാറ്റ് നൽകി വരുന്നു. |
| | 1 കോടി | അട്ടപ്പാടി ഗോത്ര വർഗ്ഗ മേഖലയ്ക്കു വേണ്ടി വിദ്യാഭ്യാസ പരിപാടി നടപ്പിൽ വരുത്തുന്നതിന് ഒരു കോടി രൂപയുടെ പദ്ധതി. |

| | | |
|---|---|---|
| നികുതി വകുപ്പ് | 10 ലക്ഷം രൂപ | ഓൺലൈൻ പോക്കു വരവ് |
| നിയമ വകുപ്പ് | 55 ലക്ഷം രൂപ | ഇ-ഗവേണൻസ് പദ്ധതിയായ Modernisation of Law Department (നിയമ വകുപ്പിന്റെ നവീകരണം) വകയിരുത്തിയത് |
| | 15 ലക്ഷം രൂപ | ഇ-ഗവേണൻസ് പദ്ധതിയായ Court Cases Monitoring Solution for Law Officers (നിയമ ആഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ)ന് വകയിരുത്തിയത് |
| വനം, വന്യജീവി വകുപ്പ് | - | വനംവന്യജീവി വകുപ്പിന്റെ വിവിധ പദ്ധതികളും,വനങ്ങളുടെ അഭിവൃദ്ധി. സംരക്ഷണം, ആവാസ വ്യവസ്ഥയുടെ പങ്കാളിത്ത പരിപാലനം, ദുർബല പരിസ്ഥിതി വ്യവസ്ഥയുടെ സംരക്ഷണം എന്നിവ നടപ്പിലാക്കി വരുന്നു. |
| പട്ടികജാതി/പട്ടികവർഗ്ഗ വികസനം | 10000 ലക്ഷം | പട്ടികജാതി വികസന വകുപ്പിൽ ഭൂരഹിതർക്ക് ഭൂമി എന്ന പദ്ധതിയ്ക്ക് വകയിരുത്തിയത് |
| | 15000 ലക്ഷം | ഭവനരഹിതർക്ക് ഭവന നിർമ്മാണം പദ്ധതിയ്ക്ക് വകയിരുത്തിയത് |
| | - | പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 224 റോഡുകളും, 5 പാലങ്ങളും നിർമ്മിക്കുന്നതിനായി 169.02 കോടി രൂപയുടെ വായ്പക്കുള്ള അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതി നിർവ്വഹണ പരിപാടികൾ നടപ്പിലാക്കുന്നത്. |

| | | |
|---|---|---|
| | | പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ ഉപ പദ്ധതിയുടെ പ്രധാനപ്പെട്ട പദ്ധതികളായ കോർപ്പസ് ഫണ്ട്, ഹാംലെറ്റ്, വികസന പദ്ധതി, എ.റ്റി.എസ്.പിയിലെ സമഗ്ര വികസന പദ്ധതി, പട്ടിക വർഗ്ഗ മേഖലയിലെ പുനരധിവാസം മുതലായ പദ്ധതികളിലൂടെ അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ<br><br>ലഹരിവിമുക്ത പ്രചരണത്തിനായി 100 വനിതാ സോഷ്യൽ വർക്കർമാരെ പ്രതിമാസം 8000/- രൂപ ഓണറേറിയത്തിൽ നിയമിക്കുന്ന പദ്ധതി<br><br>മിഷൻ 676 പദ്ധതിയിലൂടെ പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി<br><br>ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907 പേർക്കും ഹഡ്കോ ഹൗസിംഗ് പദ്ധതി പ്രകാരം 2000 വീടുകളും എ.റ്റി.എസ്.പി പദ്ധതി പ്രകാരം 6000 വീടുകളും ഗ്രാമവികസന വകുപ്പ് ഐ.എ.വൈ പദ്ധതി പ്രകാരം 18,674 വീടുകളും ഉൾപ്പെടെ ആകെ 29,581 വീടുകൾ നിർമ്മിക്കുന്നതിന് വീടൊന്നിന് 3.50 ലക്ഷം നിരക്കിൽ അനുവദിക്കുന്നതിനുള്ള പദ്ധതി |
| ജല വിഭവ വകുപ്പ് | 722 ലക്ഷം | ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിന് 2014-15 ബഡ്ജറ്റിൽ "4702-00-101-73 Rehabilitation of L.I Scheme" ശീർഷകത്തിൽ വകയിരുത്തിയത് |

| | | |
|---|---|---|
| | 70 ലക്ഷം | ഭൂജല വകുപ്പ് നടപ്പിലാക്കുന്ന 40 കൃത്രിമ റീചാർജ്ജ് സ്ട്രക്ച്ചറുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയത് |
| | - | 2014-15 ൽ നബാർഡ് , എ.ആർ.പി/എൻ.ആർ.ഡി.ഡബ്ല്യൂ.പി സ്റ്റേറ്റ് പ്ലാൻ, ടെക്നോളജി മിഷൻ എന്നിവയിൽ ഉൾപ്പെടുത്തി 55 പദ്ധതികൾ പൂർത്തികരിക്കുവാൻ ലക്ഷ്യമിട്ടതിൽ 35 പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചു |
| | - | കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി ഇ-അബാക്കസ് സിസ്റ്റം, വെള്ളക്കരം ബില്ലിംഗിന്റെ കമ്പ്യൂട്ടർവത്ക്കരണം, സ്പോട്ട് ബില്ലിംഗ് മെഷീനുകൾ, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കി. |
| | - | കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ചുകൊണ്ട് കേരള സർക്കാരിന്റെ ഡേറ്റാ സെന്ററും കമ്മ്യൂണിക്കേഷൻ സംവിധാനവും മുഖേന നടപ്പിലാക്കുന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ നെറ്റ് വർക്കിംഗ് പദ്ധതി |
| | - | അറ്റകുറ്റപ്പണികളുടെ ബില്ലിംഗ് ഓൺലൈൻ ആക്കിയതുമൂലം ബില്ലിംഗ്ഗ് സുതാര്യമാക്കുകയും കരാറുകാർക്ക് പണം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാകുകയും ചെയ്തു. |

കേരള ജല അതോറിട്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|
| | സംസ്ഥാന വിഹിതം | കേന്ദ്രം |
| നബാർഡ് | 8220 | - |
| ARP/ NRDWP | 6500 | 6500 |
| ടെക്നോളജി മിഷൻ | 500 | 1500 |
| ജിക്ക | 15000 | - |
| കമ്പ്യൂട്ടർവത്ക്കരണം | 150 | |
| സ്റ്റേറ്റ് പ്ലാൻ | 26310 | |

| | | |
|---|---|---|
| തൊഴിലും നൈപുണ്യവും | 4 കോടി | ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ.റ്റി.ഐ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക്. ഇതിന്റെ പ്രാരംഭ നടപടിയായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം എന്ന പ്രദേശത്ത് സ്ഥലം കണ്ടെത്തി വകുപ്പിന് കൈ മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചു. |
| | - | ജോലി സാദ്ധ്യതയും ഉയർന്ന ഡിമാന്റുള്ള പുതിയ ട്രേഡുകൾ കണ്ടെത്തുന്നിനായി ഇൻഡസ്ട്രി സർവ്വേ നടത്തി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| | 20 കോടി | KASE നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് വകയിരുത്തിയത് |

| | | |
|---|---|---|
| | 350 ലക്ഷം | 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-91 (പ്ലാൻ) ശീർഷകത്തിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ UID രജിസ്ട്രേഷനും ബോധവത്ക്കരണ പരിപാടിയ്ക്കുമായി വകയിരുത്തിയത് (എന്നാൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം കുറവായതിനാൽ മേൽ പദ്ധതി പ്രാബല്യത്തിലായില്ല. തുടർന്ന് നഴ്സുമാരുടെ ഓവർസീസ് റിക്രൂട്ട്മെന്റ് സംബന്ധിച്ച് 24.03.2015 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനമനുസരിച്ച് മേൽ തുക 31.03.2015 ലെ ജി.ഒ (ആർടി) നം.468/15/തൊഴിൽ പ്രകാരം 2230-01-103-10(P) എന്ന ശീർഷകത്തിലേയ്ക്ക് ധന പുനർവിനിയോഗം നടത്തുകയുണ്ടായി.) |
| | 12 ലക്ഷം | 2014-15 ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെപദ്ധതി വിഹിതത്തിൽ സെൻട്രൽ മെഡിക്കൽ സ്റ്റോറിലും ഫോർട്ട് കൊച്ചി സബ്സ്റ്റോറിലും വാക് ഇൻ കോൾഡ് റൂം (Walk in cold room) നിർമ്മിക്കുന്നതിന് അനുവദിച്ചതിന്. |
| **ഉന്നത വിദ്യാഭ്യാസ വകുപ്പ്** | 100 ലക്ഷം | സർവ്വകലാശാലകൾക്കും കോളേജ് വിദ്യഭ്യാസ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുകൾക്കുമായുള്ള ഇ-ഗവേണൻസ് പദ്ധതി |
| | 60 ലക്ഷം | ടെക്നിക്കൽ ഹൈസ്കൂളുകളിലും, പോളിടെക്നിക്കുകളിലും ആരംഭിക്കുന്ന നാഷണൽ വൊക്കേഷൻ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിന്റെ ഒന്നാം ഘട്ടം |

| | | |
|---|---|---|
| | 225 ലക്ഷം | ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമൊട്ടീവ് മെക്കാട്രോണിക്സിൽ അഡ്വാൻസ് ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിന് മെഴ്സിഡസ്ബെൻസ് ഇന്ത്യ എന്ന കമ്പനിയുമായി സർക്കാർ ധാരണാ പത്രം ഒപ്പ വച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമേഷൻ ടെക്നോളജിയിൽ ഒരു സെന്റർ ഓഫ് എക്സലൻസും, കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജിൽ ആട്ടോമേഷൻ ടെക്നോളജിയിൽ ഒരു സെന്റർ ഓഫ് കോമ്പീറ്റൻസും തുടങ്ങുന്നതിനായി ബോഷ് റെക്സ്റോത്ത് കമ്പനിയുമായി സർക്കാർ ധാരണാ പത്രം ഒപ്പ വച്ചു. കൊളംബിയ സർവ്വകലാശാലയുടെയും, കാനഡയിലെ മോൺടിയൽ സർവ്വകലാശാലയുടെയും, സഹകരണത്തോടു കൂടി ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസിലേഷൻ എഞ്ചിനീയറിംഗിൽ ഒരു ദ്വിവൽസര മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിച്ചു. |
| | 6 കോടി | 5 ജോടി സർക്കാർ പോളിടെക്നിക്കുകളെയും,ആർട്സ് & സയൻസ് കോളേജുകളെയും ബന്ധിപ്പിച്ചുകൊണ്ട് ആറ്റിങ്ങൽ, കോട്ടയം, പെരിന്തൽമണ്ണ, തൃശ്ശൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ പുതിയ കമ്മ്യൂണിറ്റി കോളേജുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന് ഭാരത സർക്കാർ അംഗീകാരം നൽകി. |

| | | |
|---|---|---|
| | 75 ലക്ഷം | സർക്കാർ ഉദ്യോഗത്തിന് അപേക്ഷിക്കുന്നതിന് അപേക്ഷകന് വേണ്ടതായ അടിസ്ഥാന കമ്പ്യൂട്ടർ വൈദഗ്ധ്യം പരിശോധിക്കാൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ യോഗ്യതാ പരീക്ഷ എന്ന ഓൺലൈൻ പരീക്ഷ നടത്തുന്നതിന്. |
| ആരോഗ്യകുടുംബക്ഷേമ വകുപ്പ് | 500 ലക്ഷം | ആരോഗ്യകിരണം പദ്ധതിയ്ക്കായി വകയിരുത്തിയത് |
| | 2190.77 ലക്ഷം | ജനനി-ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ) സ്കീം പ്രകാരം ഗർഭിണികളായ സ്ത്രീകൾക്ക് വേണ്ടി വകയിരുത്തിയത് |
| | 110.02 ലക്ഷം | ജനനി-ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ) സ്കീം പ്രകാരം ഒരു വയസ്സ് വരെ പ്രായമുള്ള രോഗബാധിതരായ കുഞ്ഞുങ്ങൾക്ക് വേണ്ടി വകയിരുത്തിയത് |
| | 10 കോടി | റീ പ്രൊഡക്ടീവ് മെഡിസിൻ വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി 2014-15 ൽ വകയിരുത്തിയത്. |
| | 15 ലക്ഷം | തിരുവനന്തപുരം, എറണാകുളം, കൊല്ലം ജില്ലകളിൽ ജീവനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| | 20 ലക്ഷം | ദൃഷ്ടി പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തുകയും ടി തുക വിനിയോഗിച്ച് എറണാകുളം, തൃശ്ശൂർ ജില്ലകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| | 20 ലക്ഷം | പുനർനവ പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തുകയും ടി തുക വിനിയോഗിച്ച് കോട്ടയം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |

| | | |
|---|---|---|
| ആഭ്യന്തര വകുപ്പ് | 3.25 കോടി | മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിലുൾപ്പെട്ട 16 പോലീസ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് നം സ.ഉ(സാധ) 2998/13/ ഹോം തീയതി 01.11.13 പ്രകാരം അനുവദിച്ചിട്ടുള്ളത്. |
| | 20 കോടി | കേരള സംസ്ഥാന പോലീസ് സേനയിലെ 56,000/- (അമ്പത്തി ആറായിരം) പേരെ ഉൾപ്പെടുത്തി മുഴുവൻ പ്രീമിയവും സർക്കാർ വഹിച്ചുകൊണ്ട് വാർഷിക ചെലവ് പ്രതീക്ഷിക്കുന്ന കേരള പോലീസ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി |

## Power projects proposed in Governor's Address 2014

അനുബന്ധം-A

| | Projects | Provision in Budjet14-15 | Provision as per Annual plan KSEB | | Progress of works | |
|---|---|---|---|---|---|---|
| A | Generation | | | | | |
| 1 | 400MW **gas-based** power plant adjacent to the existing thermal plant at Brahmapuram using natural gas | 0 | | Final Draft Report received. A presentation was made by M/S Tractebel on 25.08.2014 in the presence of the CMD at the LD Conference hall. Kalamassery. | | |
| 2 | 500MW power plant utilizing the Petcoke available from the integrated Refinery Expansion Project of the Cochin refinery at Ambalamedu, Cochin | 0 | 2cr | 1 | Transfer of FACT land taken upwith the Government. | Approval of FTD has been obtained for the Road map and for engaging a Transaction Analyser / Technical Consultant. Approval for the road map to be obtained from GoK |
| | | | | 2 | Request for 60 MLD of water required for the Project submitted to the Irrigation Department. Note submitted to FTD for approval of "road map" for the project and for engaging a Technical Consultant/Transaction Analyser | |
| | | | | 3 | An initial proposal has been submitted by INKEL to the government | |
| 3 | 178.6MW in hydro generation capacity by the completion of 13 ongoing projects | 0 | 190cr | 1 | Adyanpara | Work in progress |
| | | | | 2 | Anakkayam | Stage-II forest clearance |
| | | | | 3 | Barapole | Work in progress |
| | | | | 4 | Bhoothathankettu | Civil work started on 15.2.14. |
| | | | | 5 | Chathankottunada II | Work in progress |
| | | | | 6 | Chimmony | Work in progress |
| | | | | 7 | Kakkayam | Tender for balance civil works |
| | | | | 8 | Pallivasal Extension | Work in progress |
| | | | | 9 | Perumthenaruvi | Acquisition of balance land |
| | | | | 10 | Poringalkutthu | Civil works in progress |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 11 | Sengulam Augmentation | Section 4(1) notification | |
| | | | | 12 | Thottiar | 1.0715 Ha of land yet to be | |
| | | | | 13 | Vellathooval | Work in progress | |
| | 1MW grid connected solar power plant in the land available at 220kV substation, Palakkad | 0 | 15Cr | Work awarding stage | | | |
| | 1.4MW grid connected solar power plant on the roof-top space available on KSEB buildings | 0 | | Price bid opened and firm is asked for negotiation | | | |
| 6 | Efforts to tap Wind energy | 0 | | An MoU has been signed between NHPC & KSEBL on 06/01/2014 for | | | |
| | Transmission | | 240 Cr | | | | |
| | proposed to construct 1no 220kV substation, 6nos 110kV substations, 12 nos 33kV substations and the connected lines | 0 | | 1 | 220 kV Substations | (Nos.) | 1 |
| | | | | 2 | 110 kV Substations | (Nos.) | 0 |
| | | | | 3 | 33 kV Substations | (Nos.) | 0 |
| | | | | 4 | 220 kV Lines | (km) | 18.1 |
| | | | | 5 | 110 kV Lines | (km) | 17.6 |
| | | | | 6 | 33 kV Lines | (km) | 27 |
| C | Distribution | | 317 Cr | | | | |
| | The capacity addition proposed for the year 2014-15 are 3000km of 11kV line, 4560km LT line, 4000 nos of distribution transformers, 4500km of single phase to three phase conversion and 5700km of re conductoring works | 0 | | 1 | 11 kV Line construction | (km) | 600 |
| | | | | 2 | LT line construction | (km) | 1235 |
| | | | | 3 | Distribution transformers | (Nos.) | 1279 |
| | | | | 4 | 1Ph to 3PH Conversion | (km) | 905 |
| | | | | 5 | Re-conductoring (LT) | (ckt. km) | 3219 |
| | | | | 6 | Re-conductoring (HT) | (ckt. km) | 184 |
| D | Energy Conservation<br>Second stage "Labhaprabha" | 0 | 12.5 Cr | | Project strted by KSEBL on 1st March 2014 | | |

BR 22/5/18